റേഷൻ കാർഡുകൾ വിഭജിക്കാനുള്ള നടപടിക്രമം

51 [1139] ശ്രീ. സി. ടി. അഹമ്മദ് അലി :

,, പി. കെ. അബ്ദുറബ്ബ് :

,, സി. മമ്മൂട്ടി :

,, കെ. എൻ. എ. ഖാദർ :

,, നാലകത്ത് സൂപ്പി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) റേഷൻ കാർഡുകൾ വിഭജിക്കാനുള്ള നടപടിക്രമം എന്തൊക്കെ യാണെന്ന് വ്യക്തമാക്കുമോ ;

(ബി) റേഷൻ കാർഡുകളുടെ വിഭജനം സംബന്ധിച്ച എത്ര അപേക്ഷകൾ തീർപ്പാകാതെ കിടക്കുന്നു എന്ന് ജില്ല തിരിച്ചുള്ള കണക്ക് വ്യക്തമാക്കാമോ ?

ഉത്തരം

(എ) റേഷൻ കാർഡ് വിഭജിക്കുന്നതിന് നിശ്ചിത മാതൃകയിലുള്ള അപേക്ഷയിൽ താഴെപ്പറയുന്ന രേഖകളോടുകൂടി ബന്ധപ്പെട്ട താലൂക്ക് സപ്ലൈ ആഫീസർക്ക് അപേക്ഷ നൽകേണ്ടതാണ്.

(1) റെസിഡൻഷ്യൽ സർട്ടിഫിക്കറ്റ്.

(2) വരുമാനം തെളിയിക്കുന്ന സാക്ഷ്യപത്രം.

(3) നിലവിൽ പേരുൾപ്പെട്ട റേഷൻ കാർഡുടമയുടെ സമ്മതപത്രം. അല്ലെങ്കിൽ സറണ്ടർ/റിഡക്ഷൻ/നോറേഷൻ/നോൺ ഇൻക്ലൂഷൻ സർട്ടിഫിക്കറ്റ്.

ഇപ്രകാരം സമർപ്പിക്കുന്ന അപേക്ഷകളിൻമേൽ ആവശ്യമായ അന്വേഷണം നടത്തി അർഹരായവർക്ക് അപേക്ഷ നൽകി ഏഴ് ദിവസത്തിനുള്ളിൽ തന്നെ റേഷൻ കാർഡ് വിഭജിച്ച് നൽകുന്നതാണ്.

(ബി) റേഷൻ കാർഡുകളുടെ വിഭജനം സംബന്ധിച്ച് ഇപ്പോൾ സംസ്ഥാനത്തൊട്ടാകെ 15354 അപേക്ഷകൾ തീർപ്പാക്കാനുണ്ട്. ഇവയുടെ ജില്ല തിരിച്ചുള്ള കണക്ക് ചുവടെ ചേർക്കുന്നു.

ജില്ല	തീർപ്പാകാതെ കിടക്കുന്ന അപേക്ഷകളുടെ എണ്ണം
തിരുവനന്തപുരം	647
കൊല്ലം	477
പത്തനംതിട്ട	877
ആലപ്പുഴ	739
കോട്ടയം	..

LIBRARY ARCHIVES Kerala Legislative Assembly

ഇടുക്കി	684
എറണാകുളം	287
തൃശ്ശൂർ	2287
പാലക്കാട്	2524
മലപ്പുറം	1742
കോഴിക്കോട്	774
വയനാട്	88
കണ്ണൂർ	1531
കാസർഗോഡ്	2697
ആകെ	15354

റേഷൻ കടകളുടെ പ്രവർത്തനം

52 [1140] ശ്രീ. കെ. പി. രാജേന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ഇപ്പോൾ എത്ര റേഷൻ കടകൾ പ്രവർത്തിക്കുന്നുണ്ട് എന്ന് വ്യക്തമാക്കുമോ ; എത്ര റേഷൻ കാർഡുകൾ നിലവിലുണ്ട് ;

(ബി) സംസ്ഥാനത്ത് ഭക്ഷ്യധാന്യങ്ങൾ ആവശ്യം അനുസരിച്ച് വിതരണം ചെയ്യാൻ കഴിയാത്തത് എന്തുകൊണ്ടാണെന്ന് പരിശോധിച്ചിട്ടുണ്ടോ ;

(സി) സംസ്ഥാനത്ത് വെട്ടിക്കുറച്ച മണ്ണെണ്ണയുടെ അളവ് വർദ്ധിപ്പിക്കാനും, എല്ലാ റേഷൻ കാർഡ് ഉടമകൾക്കും പഞ്ചസാര ലഭ്യമാക്കുന്നതിനും നടപടി സ്വീകരിച്ചിട്ടുണ്ടോ ;

(ഡി) ഭക്ഷ്യധാന്യ സബ്സിഡി വർദ്ധിപ്പിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) സംസ്ഥാനത്ത് ഇപ്പോൾ 14143 റേഷൻ കടകളും 6556467 റേഷൻ കാർഡുകളും നിലവിലുണ്ട്.

(ബി) ഉണ്ട്. സംസ്ഥാനത്ത് ബി.പി.എൽ. പദ്ധതിപ്രകാരം 41374 ടൺ അരിയും 13792 ടൺ ഗോതമ്പും പ്രതിമാസം ആവശ്യമാണ്. എന്നാൽ 28547 ടൺ അരിയും 9515 ടൺ ഗോതമ്പും മാത്രമാണ് കേന്ദ്രസർക്കാർ അനുവദിക്കുന്നത്. ഇത് ഭക്ഷ്യധാന്യ വിതരണത്തിൽ അപര്യാപ്തത സൃഷ്ടിക്കാറുണ്ട്. കൂടാതെ എഫ്. സി. ഐ. ഡിപ്പോകളിൽ ഓരോ ജില്ലകളുടേയും ആവശ്യാനുസരണം പുഴുക്കലരി, പച്ചരി, ഗോതമ്പ് എന്നിവയ്ക്ക് യഥാസമയം സ്റ്റോക്ക് ലഭ്യമാക്കാത്തത് വിതരണത്തെ ബാധിക്കാറുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly